കേസ് ഫയൽ ചെയ്തിട്ടുണ്ട്. ഇപ്പോൾ ഒരു ഡോക്ടർ അവിടത്തെ ക്വാർട്ടേഴ്സിൽ താമസിക്കുന്നുണ്ട്. ഒരു ക്വാർട്ടേഴ്സ് ഉപയോഗശൂന്യമായി കിടക്കുന്നു. ഈ ക്വാർട്ടേഴ്സ് കേടുപാടുകൾ തീർക്കുന്നതിന് ബ്ളോക്ക് പഞ്ചായത്തിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

ഹോമിയോ ഔഷധ നിർമ്മാണത്തിനും വിതരണത്തിനുമായി കോർപ്പറേഷൻ

156 (898)ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ :
പ്രൊഫ. മീനാക്ഷി തമ്പാൻ :
ശ്രീ. എം. നാരായണൻ (ഹോസ്ദുർഗ്ഗ്) :
ശ്രീ. പി. രാജു :
ശ്രീമതി ആർ. ലതാദേവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹോമിയോ ഔഷധ നിർമ്മാണത്തിനും വിതരണത്തിനുമായി കോർപ്പറേഷൻ രൂപീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ അതിനുള്ള എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നുണ്ടെന്ന് വിശദമാക്കുമോ?

ഉത്തരം

(എ)&(ബി) ഈ രംഗത്ത് ഇപ്പോൾ പ്രവർത്തിച്ചുവരുന്ന കേരള സംസ്ഥാന ഹോമിയോപ്പതിക് കോ-ഓപ്പറേറ്റീവ് ഫാർമസിയെ ഒരു കോർപ്പറേഷനായി മാറ്റുന്നതിനുള്ള നടപടികൾ പരിശോധിച്ചുവരുന്നു.

കൊടുങ്ങല്ലൂരിൽ ആയുർവേദ ആശുപത്രി തുടങ്ങുവാൻ നടപടി

157(899)പ്രൊഫ. മീനാക്ഷി തമ്പാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊടുങ്ങല്ലൂരിൽ പെരിഞ്ഞനത്ത് നിർമ്മാണം പൂർത്തീകരിച്ച വി.കെ. ഗോപാലൻ സ്മാരക കെട്ടിടത്തിൽ ഒരു ആയുർവേദ ആശുപത്രി തുടങ്ങുന്നതിനുള്ള നിവേദനം ലഭിച്ചിട്ടുണ്ടോ;

(ബി) സംസ്ഥാനത്ത് പുതിയതായി ആരംഭിക്കുന്ന നൂറ് ആയുർവേദ ആശുപത്രികളിൽ ഒരു ആയുർവേദ ആശുപത്രി ഇവിടേയും ആരംഭിക്കുമോ എന്ന് വെളിപ്പെടുത്തുമോ;

(സി) ആശുപത്രിയുടെ പ്രവർത്തനം എന്നത്തേക്ക് തുടങ്ങുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ലഭിച്ചിട്ടുണ്ട്.

(ബി)&(സി) നടപ്പു സാമ്പത്തിക വർഷം ആരംഭിക്കാനുദ്ദേശിക്കുന്ന ആയുർവേദ ഡിസ്പെൻസറികളുടെ സ്ഥലനിർണ്ണയം നടത്തിയിട്ടില്ല.

ഔഷധിയുടെ പുതിയ വികസന പദ്ധതികൾ

LIBRARY ARCHIVES Kerala Legislative Assembly